# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.596 — 8/7/2013 -ൽ മറുപടിയ്ക്ക്

## റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി. ഡി. ദേവസ്സി<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>,, രാജു എബ്രഹാം | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ സ്വാഭാവിക റബ്ബറിന്റെ വില എത്ര ശതമാനം ഇടിഞ്ഞു എന്നും, വിലയിടിവ് തുടർന്നു കൊണ്ടിരിക്കാനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ; | (എ) | കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ സ്വാഭാവിക റബ്ബറിന്റെ വില 13 ശതമാനമാണ് കുറഞ്ഞത്. എന്നാൽ ഇപ്പോൾ ഈ സ്ഥിതിമാറി റബ്ബർ വില വർദ്ധിച്ചുവരുന്നതായി കണ്ടു വരുന്നു. |
| (ബി) | റബ്ബറിന്റെ ഇറക്കുമതി തീരുവ ഉയർത്താൻ കേന്ദ്ര വാണിജ്യ മന്ത്രാലയം ശുപാർശ ചെയ്തെങ്കിലും നടപടി വൈകുന്നതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുന്ന നടപടി വൈകുന്നതിന് പിന്നിൽ ടയർ ലോബികളാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി). | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

(ഡി) ടി.ആർ.എസ്. ഗ്രേഡിലുള്ള നിലവാരമില്ലാത്ത റബ്ബർ ഇറക്കുമതി തടയുന്നതിനും സ്വാഭാവിക റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(ഡി) ടി. ആർ.എസ്. എന്ന ഗ്രേഡിലുള്ള റബ്ബർ ഇന്ത്യയിൽ ഇറക്കുമതി ചെയ്യപ്പെടുന്നില്ല. എന്നാൽ ടി. എസ് .ആർ. (ടെക്നിക്കലി സ്പെസിഫൈഡ് റബ്ബർ) ആണ് ഭൂരിഭാഗവും ഇന്ത്യയിൽ ഇറക്കുമതി ചെയ്യപ്പെടുന്നത്. ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് അവ ഇന്ത്യയിൽ ഇറക്കുമതി ചെയ്യപ്പെടുന്നത്. കേന്ദ്ര സർക്കാരിന്റെ വാണിജ്യ മന്ത്രാലയത്തിൻ കീഴിലുള്ള റബ്ബർബോർഡാണ് ഇന്ത്യയിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാര സർട്ടിഫിക്കററ് പരിശോധിച്ച് എൻ.ഒ.സി നൽകുന്നത്. ആയതിനാൽ ഗുണനിലവാരം കുറഞ്ഞ ടി.എസ്.ആർ റബ്ബറിന്റെ നിയമപരമായ ഇറക്കുമതിക്ക് സാദ്ധ്യതയില്ല.

**സെക്ഷൻ ഓഫീസർ**